"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - കോഴിക്കോട് ജില്ല- ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് ഓഫീസ്- ഹെഡ്ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി മിനീജയ.പി - ക്ക് അനുവദിച്ചിരുന്ന പരിവർത്തിതാവധി പ്രത്യേക അവശതാവധി ആയി പരിവർത്തനം ചെയ്ത് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.220/2026/LSGD തീയതി,തിരുവനന്തപുരം, 27-01-2026

---

പരാമർശം:-

1. ശ്രീമതി.മിനിജയ പി സമർപ്പിച്ച 15.12.2024 , 29.01.2025 , 16.02.2025,20.02.2025 തീയതികളിലെ അവധി അപേക്ഷകൾ
2. ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.02.2025ലെ 400973/HRLR04/GPO/2024/6201(1) നമ്പർ നടപടിക്രമം
3. ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.02.2025ലെ 400973/HRLR06/GPO/2024/5079(2) നമ്പർ നടപടിക്രമം
4. ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.03.2025ലെ 400973/GAEE06/GPO/2025/734(3) നമ്പർ നടപടിക്രമം
5. ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.03.2025ലെ 400973/GAEE06/GPO/2025/1423(1) നമ്പർ നടപടിക്രമം
6. ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.02.2025ലെ SC1-2025/1577 നമ്പർ നടപടിക്രമം
7. ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.05.2025ലെ എസ് സി 1- 1435382-2025 നമ്പർ നടപടിക്രമം
8. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.08.2025ലെ LSGD/PD/7140/2025-DEB4 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ ഹെഡ്ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി മിനീജയ.പി - ക്ക് 09.10.2024 മുതൽ 27.02.2025 വരെ പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അവധി അപേക്ഷകൾ പരാമർശം (8) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്.

2. ശ്രീമതി മിനീജയ.പി 08/10/2024 തീയതി രാവിലെ ഓഫീസ് സമയത്ത് ഓഫീസ് മുറ്റത്തെ കാർപോർച്ചിന് സമീപം കാൽ വഴുതി വീണ് തോളിന് പരിക്കേറ്റതിനെ തുടർന്ന് ചികിൽസയ്ക്കായി ടിയാൾക്ക് 09.10.2024 മുതൽ 20.10.2024 വരെ പരാമർശം (3) പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആർജ്ജിതാവധിയും 16.12.2024 മുതൽ 29.01.2025 വരെ പരാമർശം (2) പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരിവർത്തിതാവധിയും 30.01.2025 മുതൽ 16.02.2025 വരെ പരാമർശം (4) പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആർജ്ജിതാവധിയും 17.02.2025 മുതൽ 27.02.2025 വരെ പരാമർശം (5) പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആർജ്ജിതാവധിയും അനുവദിച്ചിരുന്നു. അവധി കഴിഞ്ഞ് പരാമർശം (6) പ്രകാരം 28.02.2025 തീയതിയിൽ ടിയാൾ തിരികെ ജോലിയിൽ പ്രവേശിക്കുകയും പരാമർശം (2), (3), (4), (5) നടപടിക്രമങ്ങൾ പരാമർശം (7) പ്രകാരം റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് 09.10.2024 മുതൽ 27.02.2025 വരെ പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അവധി അപേക്ഷകൾ പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുള്ളത് .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ എസ് ആർ ഭാഗം 1 , ചട്ടം 76 ന് ചുവടെയുള്ള ഒന്നാം പ്രൊവിസോ , ചട്ടം 89ന് ചുവടെയുള്ള ഒന്നാം പ്രൊവിസോ എന്നിവ പ്രകാരം ആർജ്ജിതാവധി മറ്റ് തരത്തിലുള്ള അവധിയായി പരിവർത്തനം ചെയ്യുന്നതിന് വ്യവസ്ഥയില്ലാത്ത സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഹെഡ്ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി മിനീജയ.പി - ക്ക് പരാമർശം (2) പ്രകാരം 16.12.2024 മുതൽ 29.01.2025 വരെ അനുവദിച്ചിരുന്ന പരിവർത്തിതാവധി കെ.എസ്. ആർ. പാർട്ട് 1 റൂൾ 98 പ്രകാരമുള്ള സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് ആയി പരിവർത്തനം ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , തിരുവനന്തപുരം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.ശ്രീമതി.മിനിജയ പി , ഹെഡ് ക്ലർക്ക്/സീനിയർ എക്സ്റ്റെൻഷൻ ഓഫീസർ , ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ധനകാര്യ വകുപ്പ് (08.12.2025ലെ e-3282337/ധെവ-1/213/2025-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)
8.ഡയറക്ടർ . ഐ കെ എം
9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
10.കരുതൽ ഫയൽ (ഫയൽ നം.240/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 28-01-2026 11:16:11